**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3893

21.06.2019-ലെ മറുപടിയ്ക്ക്

**<u>പയ്യന്നൂരിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും<br>യുവജനകാര്യവും വകുപ്പ് മന്ത്രി |
| പയ്യന്നൂർ മണ്ഡലത്തിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ? | പയ്യന്നൂർ മണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം എന്നിവയ്ക്ക് 10 കോടി രൂപ വീതം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ എസ്.പി.വി ആയ കിറ്റ്കോ കിഫ്ബിയിൽ സമർപ്പിക്കുകയും രണ്ട് പ്രവൃത്തികൾക്കുമായി 13.101 കോടി രൂപയുടെ (യഥാക്രമം 6.216 കോടി രൂപയുടെയും 6.885 കോടി രൂപയുടെയും) കിഫ്ബി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ച എസ്റ്റിമേറ്റിലെ തുക കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടിയ സാഹചര്യത്തിൽ കിഫ്ബിയുടെ പുതുക്കിയ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**